## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1457     03/05/2017-ൽ മറുപടിക്ക്

### പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണത്തിനു സി.ആർ .ഇസഡ്.ന്റെ അനുമതിക്കുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ല യിലെ എലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം പണിയുന്നതിന് സി.ആർ.ഇസഡ്. ന്റെ അനുമതി യ്ക്കായി സമർപ്പിച്ച ഫയലിന്മേൽ എന്ത് തീരുമാനമെടുത്തു എന്ന് വെളിപ്പെടുത്താമോ; | (എ) | പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം പണിയുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷ ടെക്നിക്കൽ പരിശോധനയ്ക്കായി നൽകി യിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാലുടൻ കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA) യുടെ യോഗത്തിൽ തീരുമാനത്തിനായി സമർപ്പിക്കുന്ന താണ്. |
| (ബി) | പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണ ചെലവിന്റെ ഒരു ശതമാനം സംഖ്യ കെട്ടിവെക്കണമെന്ന സി.ആർ. ഇസഡ്. അധികൃതരുടെ ഭാഗത്ത് നിന്ന് വന്ന നിർദ്ദേശം റദ്ദ് ചെയ്ത് പ്രസ്തുത സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടു ത്താമോ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ അപേക്ഷകളിന്മേൽ പരിശോധനാഫീസ് ഒഴിവാക്കുന്നതിന് കേരള തീരദേശ പരിപാലന അതോറിറ്റി (KCZMA) തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ